## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1090 — 30.11.2018 -ലെ മറുപടിക്ക്.

## ചാത്തന്നൂർ കൺസ്ട്രക്ഷൻ അക്കാദമി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജി.എസ്.ജയലാൽ :** | **ശ്രീ. ടി.പി.രാമകൃഷ്ണൻ** (തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | നിർദ്ദിഷ്ട ചാത്തന്നൂർ കൺസ്ട്രക്ഷൻ അക്കാദമിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരള ഡയറക്ടർ നൽകിയ പ്രോജക്ട് റിപ്പോർട്ട്, നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ സബ് കമ്മിറ്റി ഇതിനകം പരിഗണിച്ചിട്ടുണ്ടോ; | (എ) | പരിഗണിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത കരട് റിപ്പോർട്ടിന്മേൽ സബ്കമ്മിറ്റി എടുത്ത തീരുമാനങ്ങളും നടപടികളും വിശദമാക്കാമോ; | (ബി) | 03/07/2018 ന് കൂടിയ സബ്കമ്മിറ്റി കരട് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യുകയും നിലവിലെ കരട് പ്രോജക്ട് 2010- ൽ തയ്യാറാക്കിയതായതിനാൽ ആയത് 2018 ലെ നിർമ്മാണ മേഖലയിലെ സാങ്കേതിക വിദ്യയും തൊഴിലാളികളുടെ പ്രവർത്തന സാഹചര്യവുമായി പൊരുത്തപ്പെടാത്തതിനാൽ നിലവിലെ സാഹചര്യങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുവാൻ ഡോ.കെ.എസ്. ചന്ദ്രശേഖരനു നിർദ്ദേശം നൽകിയിരുന്നു. ആയത് 21/11/2018 ന് ബോർഡിന് ലഭ്യമായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കൺസ്ട്രക്ഷൻ അക്കാദമിയുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ കാലതാമസം കൂടാതെ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | (സി) & (ഡി) | കരട് പ്രോജക്ട് റിപ്പോർട്ട് ബോർഡ് യോഗത്തിൽ ചർച്ച ചെയ്തതിനുശേഷം സർക്കാർ അനുമതിക്ക് വിധേയമായി മേൽ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | കൺസ്ട്രക്ഷൻ അക്കാദമി ചാത്തന്നൂരിൽ അടിയന്തരമായി ആരംഭിക്കുന്നതിന് തടസ്സങ്ങൾ എന്തെങ്കിലും നിലവിലുണ്ടെങ്കിൽ ആയത് വിശദമാക്കാമോ? | | |

Sreedevi

സെക്ഷൻ ഓഫീസർ